# IT-ഡൈജസ്റ്റ്

ജി എച്ച് എസ് എസ് അരുവിക്കര



# പത്രാധിപസമിതി

**ചീഫ് എഡിറ്റർ**

**എൻ .കെ സരള**

**(ഹെഡ് മിസ്ട്രസ്)**

**സ്റ്റാഫ് എഡിറ്റർ**

**മുഹമ്മദ് സിദ്ധിഖ്**

**സ്റ്റുഡന്റ് എഡിറ്റർ**

**അഭിജിത് കെ എസ്**

**പത്രാധിപസമിതി അംഗങ്ങൾ**

| | |
|---|---|
| അനുരാഗ് രാമചന്ദ്രൻ | (9 ഡി) |
| ആലിയ നസ്ലിൻ എസ് എച്ച് | (9 സി) |
| നീരജ് സുനിൽ എസ് | (9 ഡി) |
| സാല്യമോൾ എസ് എസ് | (9 ഡി) |
| സുഹ ഫാത്തിമ എസ് | (9 ഡി) |

**സ്പെഷ്യൽ താങ്ക്സ്**

ആഷാ റാം

ഷജിബുദീൻ ബി

ഹൃദ്യ ജെ

ഇ കെ മോഹനൻ



എൻ കെ സരള (ഹെഡ് മിസ്ട്രസ് )

# പത്രാധിപസമിതി



സുരേഷ് എസ്സ്
(സീനിയർ അദ്ധ്യാപകൻ)



മുഹമ്മദ് സിദ്ദിഖ്.കെ
(കൈറ്റ് മാസ്റ്റർ)



ആഷാ റാം
(കൈറ്റ് മിസ്ട്രസ്)



ഷജിബുദീൻ ബി
(എഡിറ്റർ)



# സ്റ്റുഡൻറ് എഡിറ്റേഴ്സ്



അഭിജിത് കെ എസ്



അനുരാഗ് രാമചന്ദ്രൻ



സുഹ ഫാത്തിമ എസ്



ആലിയ നാസ്ലിൻ എസ് എച്ച്



സാല്യമോൾ എസ് എസ്



നീരജ് സുനിൽ






# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ





# ആശംസകൾ



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ നിന്നും ഒരു മാഗസിൻ പുറത്തിറക്കുകയാണ് . വിദ്യാർഥികളുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി അവരുടെ കഴിവുകളുടെ ഒരു പ്രകാശനം കൂടിയാണിത് . പ്രസ്തുത മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും വിദ്യാർഥികൾക്കും എല്ലാവിധ ആശംസകളും അറിയിച്ചുകൊള്ളുന്നു

എൻ കെ സരള
എച്ച് എം

# ആശംസകൾ



അരുവിക്കര ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ഡിജിറ്റൽ സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്ന് അറിയുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു . വിദ്യാർഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാവിധ പ്രോത്സാഹനവും നൽകുകയും ആത്മാർഥതയോടും അർപ്പണബോധത്തോടും കൂടി സ്കൂളിന്റെ അഭ്യുന്നതിക്കും വേണ്ടി നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്ന അധ്യാപകർക്കും പഠനകാര്യങ്ങളിലും പ്രവർത്തന പരിചയ മേളകളിലും മികവ് പുലർത്തുന്ന സ്കൂളിലെ വിദ്യാർത്ഥികൾക്കും അവരുടെ എല്ലാ പ്രവർത്തനങ്ങളിലും പി റ്റി എ പ്രസിഡന്റ് എന്ന നിലയിൽ ഞാൻ എല്ലാവിധ ആശംസകളും നേരുന്നു .

പി റ്റി എ പ്രസിഡന്റ്
ഇ കെ മോഹനൻ



# ഉള്ളടക്കം


| | |
|---|---|
| **കവിതകൾ** | **9** |
| നിൻ വഴിവക്കിലെ ഓർമ്മകൾ | 9 |
| പെൺപൂക്കൾ | 30 |
| ജലപ്രവാഹം | 14 |
| **കഥകൾ** | |
| ചില്ല ജനാലയിൽ തെളിഞ്ഞത് | 16 |
| പേടിയാകുന്നു | 31 |
| വസന്തകാലത്തെ പൂമ്പാറ്റകൾ | 11 |
| പൂന്തോട്ടത്തിൽ പൂമ്പാറ്റക്കരുകിൽ | 37 |
| **ചിത്രരചന** | **39** |
| **ഡിജിറ്റൽ പെയിന്റിംഗ്** | **13** |
| **തിരക്കഥ** | **19** |
| കോമ്പസ് | |
| **ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്** | **40** |



# നിൻ വഴിവക്കിലെ ഓർമ്മകൾ



നീന്തുന്ന നിദ്രയിൽ നീ എൻ
വഴിയിലെ തോണിയായി എന്തിനു
കാലമേ നീ എടുത്തുവെൻ
ജീവന്റെ നിറകുടത്തെ വേണം
ഇനിയും അറിവെങ്കിൽ കിട്ടണം
എൻ നിറകുടം മായാതെ അക്ഷരം
നിൽക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ
നീ കിടക്കും എൻ വഴിയിൽ

കാലമേ നീ എന്തിനു പെയ്തു
പേമാരിയായോ കടലായോ
പ്രളയമായോ വന്നെങ്കിൽ'
അതെല്ലാം ഉണ്ടെൻ
പുസ്തക തളികയിൽ



ഇല്ല എനിക്കിത്ര വിശ്രമം നീ മഴയായ് -
പെയ്താൽ എന്നാൽ എന്ന് നീ
തോരാ മാരിയായ് വേണമിനിയും നിൻ
കൗതുകം എന്റെ ഗുരുവിൻ കടാക്ഷത്തിൽ
മായുന്ന ചിത്രമല്ല നീ ഒഴുകുന്ന പുഴയു -

മല്ല നീ എങ്കിലും നിൽക്കയാൽ
എൻ പ്രാണന്റെ തുടിപ്പ്
നിന്നിലിനിയും ബാക്കിയായ് നീ
നീ ഉയരെ പറന്നാൽ ഞാൻ വരും
നിൻ പിറകെ ചിറകേറി

വരുവിൻ എൻ ജ്ഞാനദീപമായ്
നീ പ്രാണൻ പതുക്കെ വെടിഞ്ഞാ -

ലും മായില്ല നിന്നെ മാറോടു -
ചേർത്തു പിടിച്ച കാലങ്ങൾ
നിന്റെ ഉള്ളിലെ പുതു മണവും
തിരയായ് എങ്കിലും കാണും നിൻ
ജീവൻ തുടിപ്പ് ലോകത്തിൽ എവിടെയെ -
ങ്കിലും മായാതെ നിൽക്കും നിൻ
<u>പുതുമയും ....</u>



# വസന്തകാലത്തെ പൂമ്പാറ്റകൾ

അക്സാ അനീഷ്
5 സി




അനു അതിരാവിലെ എഴുന്നേറ്റു . ഏതാണ്ട് മണിയായിക്കാണും . കാരണം അവൾക്ക് പഠിക്കാനുള്ള പാഠപുസ്തകത്തിൽ കാലങ്ങളെക്കുറിച്ചു പഠിക്കാനുണ്ട് . അതുകൊണ്ട് ഏത് കാലമാണ് ഇപ്പോൾ എന്ന് അവൾക്കു അറിയാൻ മനസ്സിൽ ഒരാഗ്രഹം ഉണ്ടായി . എന്നാൽ അതിനുമുൻപ് അമ്മയുടെ അടുത്തുചെന്ന് ആദ്യം ചോദിച്ചു. 'അമ്മ തിരിച്ചു മറുപടി നൽകി , ഇപ്പോൾ വേനൽക്കാലം കഴിയാറായി എന്ന് 'അമ്മ പറഞ്ഞു . എന്നാൽ അവളുടെ വീട്ടിലെ ജനാലയിലൂടെ പുറത്തേക്ക് നോക്കി .അപ്പോൾ അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന ഏതോ ഒരു ജീവിയെ അവൾ ജനാലയിലൂടെ കണ്ടു. അവൾക്കു അത് എന്താണ് എന്ന് അറിയാനുള്ള ഉത്കണ്ഠ ഉണ്ടായി .അവൾ മറ്റൊന്നും ചിന്തിക്കാതെ പുറത്തേക്കിറങ്ങി. ഇറങ്ങിയതിനുടനെ അവളുടെ മൂക്കിൽ ഏതോ ഒരു മണം അടിക്കാൻ തുടങ്ങി. അവൾക്കു വല്ലാതെ ഭയമായി. അവൾ ഓടിച്ചെന്നു അമ്മയെ വിളിച്ചു. 'അമ്മ വീടിന്റെ അങ്കണത്തിലേക്കിറങ്ങി . എന്താ മോളെ , 'അമ്മ അനുവിനോട് ചോദിച്ചു. അവൾ



അമ്മയോട് കാര്യം പറഞ്ഞു. 'അമ്മ പറഞ്ഞു മോള് ഭയപ്പെടേണ്ട. ഇത് വസന്തകാലമാണ് . അതെന്താ അമ്മേ ? പൂമ്പാറ്റകൾ മധുരമായ തേൻ കുടിക്കാൻ

വരുമ്പോൾ പൂക്കളിൽ നിന്ന് സുഗന്ധം വരാൻ തുടങ്ങും . ആ കാലാവസ്ഥയെ വിളിക്കുന്ന പേരാണ് " വസന്തകാലം". അമ്മേ ഞാൻ അവരുടെ കൂടെ കളിക്കാൻ പോട്ടെ? ശരി മോളെ നീ അവരുടെ കൂടെ കളിക്കാൻ പൊയ്ക്കോളൂ. പക്ഷെ അവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തരുത് .ശരിയമ്മേ ... അന്ന് അനു പൂന്തോട്ടത്തിൽ പൂമ്പാറ്റകളുടെ കൂടെ കളിക്കാൻ പോയി. അന്ന് അവൾക്കു വളരെ ആനന്ദം ഉണ്ടായിരുന്നു . പിറ്റേന്നു അവൾ സഹപാഠികളോട് കൂടെ വിദ്യാലയത്തിൽ എത്തി. അധ്യാപിക ക്ളാസിൽ വന്നു. അപ്പോൾ അനുവിനോട് അധ്യാപിക ചോദിച്ചു . നീ എന്താ ഇന്ന് വളരെ വളരെ സന്തോഷമായിരിക്കുന്നു . അവൾ എഴുന്നേറ്റുനിന്ന് ഇന്നലെ നടന്ന സന്തോഷമേറിയ സന്തോഷമേറിയ സംഭവം ടീച്ചറോട് പറഞ്ഞു .എന്നിട്ട് അവളുടെ ബാഗിൽ ഇരുന്ന ഡയറിക്കുറിപ്പ് ടീച്ചറിനെ കാണിച്ചു. തന്റെ അധ്യാപിക സന്തോഷമായി ഇരിക്കുന്നത് കണ്ട് അവൾക്കു മനസ്സിൽ സന്തോഷം ഉണ്ടായി. ആ ഡയറിക്കുറിപ്പിൽ വസന്തകാലത്തെക്കുറിച്ചും ചിത്രശലഭത്തെക്കുറിച്ചും ഉള്ള വർണ്ണനകൾ അവൾ കടലാസിൽ എഴുതി . ആ ദിവസം അവൾക്കു മറക്കാൻ കഴിയാത്തതായിരുന്നു. 'അമ്മ അവളെ അഭിനന്ദിച്ചു.

ആമിന എസ്സ്
10 സി



# ജലപ്രവാഹം



അഗ്നിയായി  ജ്വലിക്കുന്ന പ്രവാഹമേ
നിൻ ചൂടിൽ ഞാൻ കുളിരുന്നു
നീ അഗ്നിയാണ് നീയാകുന്ന തീയിൽ
എൻ മനം പിടയുന്നു
നീ ശമിക്കും ജലത്തിനാൽ
ആ ജലം പോലും ഇന്നു നിൻ
വെയിലാകുന്ന ചൂടാൽ വറ്റിവരണ്ടു
ദാഹം ശമിപ്പതും നീയേ
ദാഹനാശിനിയാം ജലത്തെയും
പുഴയാകുന്ന ഉറവയെ വരൾച്ചയിൽ
താഴ്ത്തുന്നതും നീയേ

ജലമാകുന്ന ആയുധം ഇന്ന്
ഉയർന്നു പൊങ്ങി
ജലമിന്ന് സർവ്വസാദാരണം
ജലപ്പരപ്പിൽ എൻ വീടും
മനവും കുത്തിയൊലിച്ചു
കാണ്മാനില്ല എൻ പുസ്തകത്തെ
ജലപ്പരപ്പിൽ ഉയർന്നു പൊങ്ങി



എൻ സങ്കടക്കെട്ടുതികൾ ജലപ്പരപ്പിൽ
ഉയർന്നു താഴ്ന്നെൻ വിദ്യയും പുസ്തകങ്ങളും
ഇനിയെങ്ങനെ അഭ്യസിക്കും ഞാൻ വിദ്യ
വിദ്യയില്ലാതെങ്ങനെ ജീവിതം സഫലം

മനുഷ്യന്റെ ക്രൂരതയിലാണിന്നു
സ്വയം ചത്ത് മീൻ പിടിക്കുന്ന
മനുഷ്യരാശിയാണ് നമ്മുടെ
ഭൂമിയിൽ ഇത്തരം അനിഷ്ടങ്ങൾ

കലക്കവെള്ളത്തിൽ മീന്പിടിക്കും
ദ്രോഹികൾ അവരറിയും
ഭൂമിയുടെ വിലാപം
അവർ അറിയണം എങ്കിലേ
ഈ ജലപ്രവാഹത്തിനു
അർത്ഥമുള്ളൂ
ജീവിതത്തിന്റെ വില
ജീവന്റെ വില
വിദ്യയുടെ വില .....

# ചില്ല ജനാലയിൽ തെളിഞ്ഞത്

ശ്രേയ പി എസ് 9 D



മഴ പതുക്കെ പെയ്തു തുടങ്ങിയിരിക്കുന്നു .കണ്ണാടി ചില്ലുകൾ ഇട്ട ഈ ജനാലയിലൂടെ കാഴ്ചകൾ കാണാൻ ഞാൻ ആഗ്രഹിക്കുന്നു . ഈ വീട്ടിലെ ഏക കണ്ണാടി ജനാലാണിത് .എന്റെ അന്നത്തെ അഭിപ്രായത്തിൽ അത് നമ്മളെ പ്രദർശിപ്പിക്കലായിരുന്നു .എന്നാൽ ഇന്ന് നമുക്ക് കാണുന്നതിനാണ് അത്തരം ജനലുകൾ എന്ന് ഞാൻ മനസിലാക്കുന്നു .

ഈ വീട് ഞാൻ പണികഴിപ്പിച്ചതാണ് .എന്റെ ആർകിടെക്ട് ജീവിതത്തിലെ അവസാന സൃഷ്ടി . എന്നാൽ ഈ വീട് എനിക്ക് സംതൃപ്തി തരുന്നു. കാരണം ഈ വീടിന്റെ പ്ലാനിൽ മറ്റുള്ളതിന്റേതുപോലെ ഉടമസ്ഥർ കടന്നു കയറിയിട്ടില്ല .ശില്പിയുടെ മാത്രം ശിൽപ്പം .അതിനാലാണ് ഞാൻ വീടിനെ ശിൽപ്പം എന്ന് പേര് വച്ചതു.

മഴ വീടിനു മുകളിൽ വീണു ചിതറുന്ന ശബ്ദം കേട്ടാലേ അത് കാണാനും ഒരു സുഖം തോന്നു. ആ ശബ്ദം മെല്ലെ ഒഴുകിവന്നു തുടങ്ങിയപ്പോഴാണ് മുന്നിലെ ചുടാറക്കുപ്പി നിറയെ ചായ ആണെന്ന് ഓർത്തത് . പിന്നെ അതൊന്നു ഒഴിച്ച് കുടിച്ചില്ലെങ്കിൽ....



ഈ കപ്പിക്കും ഒരു കഥയുണ്ട് . ആ ആശുപത്രി മുറിയിൽ , എനിക്ക് ഈ ഫ്ളാസ്ക്കും ചായയും വാങ്ങിത്തന്ന് എപ്പോൾ വരാമെന്നു പറഞ്ഞു എന്നെ ഒറ്റപ്പെടലിലേക്കു തള്ളിവിട്ട എന്റെ പ്രിയതമയുടെ കഥ.

ഞാൻ ഇങ്ങനെയാണ് എന്നും പഴയതിനെക്കുറിച്ച് ആലോചിക്കും . എനിക്ക് 'നൊസ്റ്റാൾജിയ'യുടെ അസുഖമാണെന്നാണ് ഇന്നും എനിക്ക് കത്തുകൾ എഴുതി മെനക്കെടുന്ന കാശ്മീരി സുഹൃത്ത് ആദിൽ പറയുന്നത് .ഡൽഹിയിൽ നിന്നുള്ള പരിചയം ഇന്നും തുടരേണ്ടതിന്റെ ആവശ്യം അവനെന്തിനാണെന്നു ഞാൻ ചിന്തിക്കാറുണ്ട് . പിന്നെ കാശ്മീരികൾ അങ്ങനെയാകുമെന്നു ചിന്തിച്ചു . ഓരോ നാടിനെയും നാം നിർവചിക്കുന്നത് ആ നാട്ടിലെ സുഹൃത്തുക്കളെ വച്ചാണല്ലോ .

എന്റെ നൊസ്റ്റാൾജിയ രോഗത്തെക്കുറിച്ചു വീട്ടിൽ ഭക്ഷണവുമായി വരുന്ന സഹായി രഘുച്ചേട്ടനും വലിയ പരാതിയാണ് .ഓർക്കാൻ നല്ല ഒരു ഇന്നില്ലാത്തതുകൊണ്ടാണ് ഞാൻ എന്റെ ഇന്നലെകൾ മാത്രം വീണ്ടും ഓർക്കുന്നതെന്ന് ആരോട് പറയാനാണ് . ഇന്ന് രഘുവേട്ടന് ഒരു കല്യാണമുണ്ട് .അതിനാൽ രാവിലെ തന്നെ ഭക്ഷണം നൽകിപ്പോയി വേണമെങ്കിൽ എന്തെങ്കിലും ഭക്ഷണം എനിക്കിവിടെ ഉണ്ടാക്കാം . അങ്ങനെയെങ്കിൽ ഈ വീട് സന്ദർശിക്കുന്ന അവസാനത്തെ ആളായ രഘുവേട്ടനെയും എനിക്ക് നഷ്ടപ്പെടും . പിന്നെ ആരോടും മിണ്ടാതെ എനിക്ക് ഈ ഭാഷയും നഷ്ടമാകും. അതുകൊണ്ടാണ് ഒട്ടും താൽപര്യമില്ലാഞ്ഞിട്ടും ഞാൻ ഹോട്ടൽ ഭക്ഷണം വാങ്ങുന്നത് .

മഴ ചെറുതായി പെയ്തു തുടങ്ങിയതേ ഉണ്ടായിരുന്നുള്ളു. അപ്പോഴാണ് ഞാൻ ഇരുന്ന ജനാലയ്ക്കു നേരെയുള്ള പഴകിപ്പൊളിഞ്ഞ ആ ബസ്സ്റ്റോപ്പിൽ ഒരു പെൺകുട്ടി കയറി നിന്നത് . പണ്ട് ഞാനും അങ്ങനെ ആയിരുന്നു . മഴ ഉടലിൽ വീഴാൻ അനുവദിക്കില്ലായിരുന്നു .

സമയം കുറച്ചു പിന്നിട്ടപ്പോൾ , അവൾ തന്റെ കയ്യിലുള്ള ബാഗ്ഗുരി അവിടെ ഒരു ഉയർന്ന സ്ഥലത്തു വച്ചു . അപ്പോഴാണ് അവളെ ഞാൻ ശ്രദ്ധിച്ചു തുടങ്ങിയത് . പിന്നീട് അവൾ മെല്ലെ നടന്നു ആ മേൽക്കൂരയുടെ മുൻഭാഗത്തേക്ക് വന്നു . ഇടത്തേക്കുംവലത്തേക്കും മുകളിലേക്കും മാറിമാറി നോക്കുന്നുണ്ടായിരുന്നു അവൾ . ആരെയോ കാത്തുനിൽക്കുന്നതായിരിക്കും അവളെന്നു ഞാൻ ആശ്വസിച്ചു .

മഴ കൂടുതൽ ശക്തി പ്രാപിച്ചു . അവൾ കൂടുതൽ മുന്നിലേക്ക് ഇറങ്ങി റോഡിൽനിന്ന് മഴ നനഞ്ഞു . പെട്ടന്ന് ഒരു നീളൻ ഹോണടി കേട്ടതായി എനിക്ക്



തോന്നി . മഴയുടെ ശക്തിയിൽ റോഡിനു നടുവിൽ നിന്ന ആ പെൺകുട്ടിയെ ഒരു പക്ഷെ ആ ലോറി ഡ്രൈവർ കണ്ടിട്ടുണ്ടാകില്ല . അല്ലെങ്കിൽ സഡ്ൻ ബ്രെയ്ക്കിട്ട ഒരു അപകടമുണ്ടാക്കാൻ അയാൾ ശ്രമിച്ചിട്ടുണ്ടാകില്ല .

അവൾ ഇതിനുള്ള പുറപ്പാടിലായിരുന്നുവോ .....അവളുടെ കണ്ണീർ മഴയിൽ ഞാൻ കാണാതിരുന്നതാണോ അതോ ഞങ്ങൾക്കിടയിലെ ദൂരം എന്നെ അതറിയിക്കാതിരുന്നതോ . ആ പെൺകുട്ടിക്ക് എന്ത് സംഭവിച്ചിരിക്കും . ഞാൻ ഒന്ന് മാത്രം പ്രാർത്ഥിച്ചു . ഇനിയും വേദനകൾ നൽകാതെ അവളെ ദൈവം തിരിച്ചുവിളിച്ചിരിക്കേണമേ ...കാരണം എന്നെ പോലെ അവൾക്കൊരു തുടർജീവിതം ഉണ്ടാകുന്നത് ദുഖകരമാണ്

എന്റെ ചതഞ്ഞരഞ്ഞ കാലു മുറിച്ചു മാറ്റിയപ്പോൾ ഞാൻ അനുഭവിസ്ഹ വേദനയും എന്നും തുടരുന്ന ഏകാന്തതയും ഇനി ആരും അനുഭവിക്കേണ്ടി വരരുതെന്ന് ആഗ്രഹിച്ചിരുന്നു . എനിക്ക് നഷ്ടപ്പെട്ട ജീവിതം തിരിച്ചു കിട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എങ്കിൽ ജീവിച്ചിരുന്നാൽ വലിച്ചെറിഞ്ഞ ജീവിതത്തെക്കുറിച്ചു അവൾ എത്ര പശ്ചാത്തപിക്കും.

അവൾ അവിടെ വച്ച ബാഗ് എന്നെ വീണ്ടും അവളെക്കുറിച്ചു ഓര്മിപ്പിച്ചുകൊണ്ടിരുന്നു .മഴ തോർന്ന ശേഷം ഒരു മധ്യവയസ്കൻ വന്ന് ആ ബാഗിനെ നെഞ്ചോട് ചേർത്ത് മടങ്ങി. അപ്പോൾ മഴ പെയ്തത് അയാളുടെ കണ്ണിൽ ആയിരുന്നിരിക്കണം ....

രാത്രി അത്താഴവുമായി വന്ന രഘുവേട്ടന് തണുത്ത ഭക്ഷണത്തോടൊപ്പം വിളമ്പാൻ ഒരു ചൂട് വാർത്ത കൂടിയുണ്ടായിരുന്നു . രാവിലെ ആത്മഹത്യക്കു ശ്രമിച്ച പെൺകുട്ടി ആശുപത്രിയിലേക്കുള്ള വഴിയിൽ....

അന്ന് ഞാൻ ആദ്യമായി ദൈവത്തിനെ സ്തുതിച്ചു .....

# കോമ്പസ്

## (തിരക്കഥ)

ഷജിബുദീൻ ബി
അദ്ധ്യാപകൻ



**സീൻ 1**

**( സമീപ ദൃശ്യം) തിരിയിട്ടു കത്തിച്ച മൺചെരാത്. പുറകിൽ ചിലങ്കയണിഞ്ഞ ചുവടുകളുടെ നൃത്തം. ആതിര മോഹിനിയാട്ടം അവതരിപ്പിക്കുകയാണ്. പുറകിൽ കർട്ടനിൽ കേരളപ്പിറവി എന്ന് എഴുതിയ ബാനർ. സമീപ ദൃശ്യത്തിൽ നിന്നും തുടങ്ങി നർത്തകിയെ പൂർണമായി അവതരിപ്പിച്ച് വേദിയെയും അവതരിപ്പിക്കുന്നു.ആതിര നൃത്തം ചെയ്യുന്നു. വേദി പൂക്കൾ കൊണ്ടും മറ്റും അലങ്കരിച്ചിരിക്കുന്നു.കേര നിരകളാടും എന്ന ഗാനം പകുതിമുതൽ .സമീപ, (മധ്യസമീപ ദൃശ്യങ്ങളിൽ) നിറഞ്ഞു കവിഞ്ഞ സദസ്. ഗ്രൗണ്ടിൽ കുട്ടികൾ കൂട്ടം കൂടി നിന്ന് നൃത്തം കാണുന്നു. കാഴ്ചക്കാരുടെ**

**മുഖത്ത്നൃത്തമാസ്വദിക്കുന്നതിന്റെആനന്ദഭാവം.**
**(മധ്യവിദൂരദൃശ്യം)**
**വേദിക്കൽപം അകലെ മാറി മൈതാനത്തിനു നടുവിൽ കുട്ടികളുടെ ബഹളം.**



(സമീപ ദൃശ്യം) യു.പി വിഭാഗത്തിലെ മൂന്നു നാലു കുട്ടികൾ ഓടി വന്ന് അമ്പരപ്പോടും ഭയത്തോടും നൃത്തം കണ്ടു നിൽക്കുന്ന അധ്യാപകനോടായി പറയുന്നു –;

കുട്ടി 1 -സാർ, സാർ അവിടെ ചേട്ടൻമാർ തമ്മിൽ അടി നടക്കുന്നു.
കുട്ടി 2-വലിയ അടിസാർ....!
അധ്യാപകൻ അടി നടക്കുന്നിടത്തേയ്ക്ക് ഓടുന്നു.

കുട്ടികൾ അടി നടക്കുന്നിടത്തേയ്ക്ക് ഓടിയടുക്കുന്നു.ജോണിയുടെ നേതൃത്വത്തിൽ കുറച്ചു കുട്ടികൾ ഒരു കുട്ടിയെ വളഞ്ഞിട്ട് ആക്രമിക്കുന്നു. ( സമീപദൃശ്യം ) ജോണി, മുടി ഫ്രീക്ക് സ്റ്റൈൽ.ഇറുകിയ നീളം കുറഞ്ഞ ലോ വേസ്റ്റ് പാൻറ് .ഫാൻസി ടൈപ്പ്ഷൂ. ചുവന്ന സോക്സ് , ജോക്കി എന്ന് ഇംഗ്ലീഷിൽ എഴുതിയ ഇന്നർ വെയർ പുറത്ത് കാണാം.

(സമീപദൃശ്യം)

ഓടി വന്ന അധ്യപകൻ കുട്ടികളെ വകഞ്ഞു മാറ്റി അകത്തേയ്ക്ക പ്രവേശിക്കുന്നു. (ക്യാമറ മലർന്നു കിടന്നുപിടിക്കുന്നു.) ക്യാമറയിലേക്ക് ചവിട്ടുകൾ വന്നു വീഴുന്നു. അതിനിടയിലേയ്ക്ക് അധ്യാപകൻ കടന്നു വന്ന് വീണു കിടക്കുന്ന ആളെ പിടിച്ചെഴുന്നേൽപ്പിക്കുന്നു.

(സമീപ ദൃശ്യം )മറ്റു കുറേ കുട്ടികളും അധ്യാപകരും ചേർന്ന് ജോണിയേയും കൂട്ടരേയും പിടിച്ചുമാറ്റുന്നു.

(സമീപദൃശ്യം.)
കമിഴ്ന്നു കിടക്കുന്ന അധ്യാപകന്റെ മുതുകിൽ ഷർട്ടിൽ ചവിട്ടിന്റെപാടുകൾ.ജോണിയുടേയും കൂട്ടരുടേയും ചവിട്ടിൽ നിന്നും മറ്റൊരു കുട്ടിയെ രക്ഷിക്കാൻ അവനു മുകളിലേയ്ക്ക് അധ്യാപകൻ വീണു കിടക്കുകയായിരുന്നു. അധ്യാപകനൊപ്പം കുട്ടിയും മറ്റുള്ളവരാൽ പിടിച്ച് എഴുന്നേൽപ്പിക്കപ്പെടുന്നു. ചവിട്ടേറ്റ അധ്യാപകൻ അടുത്ത പടിക്കെട്ടിൽ പതിയെ വന്നിരിക്കുന്നു.



ജോണിയുടെ ആക്രമണത്തിനു വിധേയനായ കുട്ടിയോടായി ബിമൽ സാർ.-
"നിനക്കെന്തെങ്കിലും പറ്റിയോ മോനേ "
കുട്ടി-"ഇല്ലസാർ"
പിടിച്ചെഴുന്നേൽപ്പിച്ച അധ്യാപകൻ ചവിട്ടേറ്റ അധ്യാപകനോടായി -ബിമൽ സാറിനോടായി ചോദിക്കുന്നു. - "സാറിനെന്തെങ്കിലും പറ്റിയോ സാർ.?"

ബിമൽ സാർ -"ഇല്ല. സാർ കുഴപ്പമില്ല."
ഒരു നിമിഷത്തെ ഇടവേളക്കുശേഷം
അധ്യാപകൻ 2 ബിമൽ സാറിനോടായി -
"എന്തിനാ സാർ ഇത്തരം പ്രശ്നങ്ങളിൽ ഇടപെടുന്നത്. അവനൊക്കെ തല്ലി കൈയ്യും കാലും ഒടിയട്ടെ. എന്നല്ലേ കരുതേണ്ടത്. "
ബിമൽ സാർ -"അങ്ങനെ പറയരുത് സാർ. അവർ നമ്മുടെ കുട്ടികളല്ലേ. അവരുടെ പ്രശ്നങ്ങളിൽ നമ്മളല്ലാതെ പിന്നെ ആരാ സാർ ഇടപെടാൻ .പുസ്തകം മാത്രം പഠിപ്പിക്കുന്ന ആളല്ലല്ലോ അധ്യാപകൻ."

സീൻ 2.
ക്ലാസ് മുറി. കുട്ടികൾ ബഹളം വച്ചിരിക്കുന്നു.

(സമീപ ദൃശ്യം) ജോണിയും കൂട്ടരും ഡസ്കിൽ തട്ടി ശബ്ദമുണ്ടാക്കി 'ജോണി ജോണി യെസ് പപ്പാ, എന്ന ഇംഗ്ലീഷ് പാട്ട് പാടുന്നു. കുട്ടികൾ പപ്പാ എന്ന വരി പാടുമ്പോൾ എന്താ മോനേ എന്ന് ജോണി വിളി കേൾക്കുന്നു. ഇംഗ്ലീഷ് ടീച്ചർ കടന്നു വരുന്നു. . ബോർഡിൽ The best investment i ever made എന്ന പാഠത്തിന്റെ പേരെഴുതിയിരിക്കുന്നു.(സമീപ ദൃശ്യത്തിൽ തുടങ്ങി കുട്ടികളിലേയ്ക്ക് തിരിയുന്ന വിധം).ബഹളം നിലക്കുന്നു. കുട്ടികൾ എഴുന്നേൽക്കുന്നു. ജോണി എഴുന്നേൽക്കുന്നില്ല.

ടീച്ചർ കണ്ടിട്ടും കാണാതെ ഭാവിക്കുന്നു.
ടീച്ചർ- "ഗുഡമോർണിംഗ്, സിറ്റ് ഡൗൺ ".ജോണി ഫ്രീക്ക് സ്റ്റൈലിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു



ജോണി' അടുത്തിരിക്കുന്ന കുട്ടിയോടായി(സമീപദൃശ്യം)- "ചാച്ചി ഇപ്പ തുടങ്ങും "

പെൺകുട്ടികളുടെ നിരയിൽ രണ്ടാമത്തെ ബഞ്ചിലിരിക്കുന്ന കലോൽസവത്തിനു ഫസ്റ്റ് കിട്ടിയ ആതിരയെ ടീച്ചർ അഭിനന്ദിക്കുന്നു. "ഡാൻസ് നന്നായിരുന്നു..Congrats ആതിര ."
ആതിര - "താങ്ക്സ് ടീച്ചർ "
ടീച്ചർ പാഠ ത്തിലേയ്ക്ക് പ്രവേശിക്കുന്നു.
ടീച്ചർ-now our lesson The Bests inveStment ever made

(അതി സമീപ ദൃശ്യം )
ജോണി കൈ കടത്തി അടുത്തിരുന്ന കുട്ടിയുടെ തുടയിൽ നുള്ളുന്നു. കുട്ടി ഒന്നു പിടച്ചുചാടുന്നു. ടീച്ചർ ശ്രദ്ധിക്കുന്നു.
(സമീപ ദൃശ്യം) "എന്താ അവിടെ "എന്നു ചോദിക്കുന്നു.

കുട്ടി "ടീച്ചർ ഈ ജോണി "എന്നു പറഞ്ഞ് ചാടി എഴുന്നേൽക്കുന്നു .ജോണി കോമ്പസിന്റെ മുന കൊണ്ട് കുട്ടിയുടെ പിൻഭാഗത്ത് മുട്ടിക്കുന്നു..കുട്ടി ജോണിയെ പേടിച്ച് "ഒന്നുമില്ല ടീച്ചർ " എന്നു പറഞ്ഞ് കുട്ടി ഇരിക്കുന്നു. കാര്യം മനസിലാക്കിയ ടീച്ചർ ജോണിയോടായി "ജോണി എഴുന്നേൽക്കു.... " ജോണി എഴുന്നേൽക്കുന്നില്ല. ടീച്ചർ-" എഴുന്നേൽക്കു ജോണി"ടീച്ചർ ആവർത്തിക്കുന്നു. ജോണി മടിച്ചു മടിച്ച് എഴുന്നേൽക്കുന്നു.

ടീച്ചർ-"ജോണി ജീവിതത്തിൽ കുറച്ചു അച്ചടക്കം കൂടി പഠിക്കണം കേട്ടോ."

ജോണി -"ഓ " ( മുടി ഒതുക്കിക്കൊണ്ട് ജോണി ധിക്കാരത്തിൽ മറുപടി പറയുന്നു.)

ടീച്ചർ- "എന്താ ജോണി ശബ്ദത്തിൽ ഒരു ധിക്കാരം".

ജോണി -"ടീച്ചർ എന്നെ ധിക്കാരോം അച്ചടക്കോം പഠിപ്പിക്കാൻ നിൽക്കണ്ട . പാഠം പഠിപ്പിച്ചാൽ മതി."



ടീച്ചർ നിശബ്ദയായി അൽപ നേരം നിൽക്കുന്നു. ശേഷം പുസ്തകവുമെടുത്ത് പുറത്തേയ്ക്ക് പോകുന്നു. കുട്ടികൾ ജോണിയെ അഭിനന്ദിക്കുന്നു.
കുട്ടി 1 –" മിടുക്കൻ ഒരെണ്ണത്തിനെക്കൂടി പറഞ്ഞയച്ചു. "
ജോണി പൊട്ടിച്ചിരിക്കുന്നു.
കുട്ടി 2– "ഇന്നത്തെ ടീച്ചേഴ്സിന് കുട്ടികളെ ഭയങ്കര പേടിയാ "
കുട്ടി 1 – "പണ്ട് കുട്ടികൾക്കായിരുന്നല്ലോ അധ്യാപകരെ പേടി. ഇനി അവർ പേടിക്കട്ടെ."
മറ്റൊരു കുട്ടി മറുപടി പറയുന്നു . കുറച്ചുകുട്ടികൾ നീരസത്തോടെ നോക്കുന്നു.

സീൻ 3
(സമീപ ദൃശ്യം)
സ്റ്റാഫ് റൂം. ഒരു കുട്ടി കുറച്ചു ബുക്കുകളുമായി കടന്നു വരുന്നു. ടീച്ചർ ബുക്സ് വാങ്ങിക്കൊണ്ട് കുട്ടിയോടായി – " എല്ലാ ബുക്സും ഉണ്ടോ?"
കുട്ടി– " ഉണ്ട്"
ടീച്ചർ – "കറക്ട് ചെയ്തിട്ട് വിളിക്കാം".
ഇംഗ്ലീഷ് ടീച്ചർ കടന്നു വരുന്നു അടുത്തിരുന്ന ടീച്ചറോടായി. "ആ ജോണിയെക്കൊണ്ട് വലിയ പ്രശ്നമാണ് ടീച്ചർ.ക്ലാസിൽ ഒരക്ഷരം പഠിപ്പിക്കാൻ അനുവദിക്കില്ല. അച്ചടക്കത്തിന്റെ ലവലേശം അവന്റെ ജീവിതത്തിലില്ല."
ടീച്ചർ 2–"നമ്മൾ ക്ലാസിൽ പോവുക പഠിപ്പിക്കുക. മിണ്ടാതിറങ്ങി വരിക. അതാ ഇന്നത്തെ കാലത്ത് നല്ലത്. കുട്ടികൾ ആ പരാതിപ്പെട്ടിയിൽ ഒരു പരാതി എഴുതിയിട്ടാൽ തീർന്നു. നമ്മുടെ പണി. പെൻഷൻ കൂടി കിട്ടാതാകും." അടുത്തിരുന്ന ടീച്ചർ മറുപടി പറയുന്നു.

സീൻ 4
മറ്റൊരു ദിനം. ആദ്യ പിരിയേഡ്.

'ജീവിതം ഒരു നീർപ്പോളയാണെങ്കിലും ' എന്ന പ്രാർത്ഥനാ ഗാനം അന്തരീക്ഷത്തിൽ അലയടിക്കുന്നു. വൃക്ഷലതാദികളും ചെടികളും പൂക്കളും ആലോലമാടുന്നു. പെൺകുട്ടികളും ആൺകുട്ടികളിൽ ചിലരും എഴുന്നേറ്റ് തൊഴുകൈയ്യോടെ നിൽക്കുന്നു.
ജോണിയും കൂട്ടുകാരും ഇരുന്നു കൊണ്ട് ലാപ്ടോപ്പിൽ തമിഴ് ഗാനത്തിനൊത്ത് ബഹളം കൂട്ടുന്നു.



സീൻ 5
.പെൺകുട്ടികൾ പടിക്കെട്ടിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു .മറ്റു ചില കുട്ടികൾ കൂടി അവിടേയ്ക്കു കടന്നു വരുന്നു.
പെൺകുട്ടി-1 – അടുത്ത പെൺകുട്ടി (2 )യോടായി. "ആ ജോണി എല്ലാ ക്ലാസിലും എന്തെങ്കിലും പ്രശ്നമുണ്ടാക്കും. ക്ലാസ് ആകെ അലങ്കോലമാകും."
പെൺകുട്ടി- (3 ) "ഓ, അവൻ അൽപം സ്റ്റൈലിൽ വരുന്നതു കൊണ്ടുള്ള അസൂയയല്ലേ എല്ലാവർക്കും."
പെൺകുട്ടി (4) – "ശരിയാണ്.സൂപ്പർ സ്റ്റൈലല്ലേ അവൻ."
പെൺകുട്ടി (5)- എനിക്കും അവനെ ഇഷ്ടമാണ്.
പെൺകുട്ടി 1 ഉം 2 ഉം തിരിഞ്ഞു നടക്കുന്നു.
പെൺകുട്ടി (4) – " ഓ പഠിപ്പികൾക്ക് നമ്മൾ പറഞ്ഞത് അങ്ങ് ട് പിടിച്ചിട്ടില്ലാ"
എല്ലാവരും ചിരിക്കുന്നു.

സീൻ 6
ക്ലാസ് റൂം.ജോണിയും കൂട്ടരും ചീട്ടുകളിക്കുന്നു. ജോണി തോൽക്കുന്നു. വിജയിച്ച കുട്ടിയെ അടിക്കാൻ തയ്യാറാകുന്നു. ബഹളം കേട്ട് അധ്യാപകൻ കടന്നു വരുന്നു. ചീട്ട് വാങ്ങുന്നു.

ജോണി – സാറിനെന്തിനാ ചീട്ട്.
അധ്യാപകൻ – ഇതെന്താ ചൂതാട്ട ശാല യാണോ?
ജോണി – ഇവിടെ ചീട്ട് കളിക്കരുതെന്ന് വല്ല നിയമത്തിലും പറയുന്നുണ്ടോ? സാറേ കൂടുതൽ കളിക്കല്ലേ .ബാലവകാശത്തെ കുറിച്ച് സാറിന്ന് അറിയാമല്ലോ.
അധ്യാപകൻ ചീട്ട് ഡസ്കിലേയ്ക്കിട്ട് ഇറങ്ങി പോകുന്നു.

ജോണി – ബാലാവകാശം എന്നു കേട്ടപ്പോഴേ സാറ് പേടിച്ച് വയറിളക്കം വന്ന് ഓടി : ചിരിച്ചു കൊണ്ട് ഇരിക്കുന്നു.

സീൻ 7
ഇൻറർവെൽ സമയം. കൈയ്യിൽ മടക്കിപ്പിടിച്ച ഒരു പേപ്പറുമായി ഒരു കുട്ടി നടന്നു



വരുന്നു.എതിരേ വരുന്ന കുട്ടി ചോദിക്കുന്നു – എവിടെപ്പോകുന്നു?
കുട്ടി – 1 – ആ പരാതിപ്പെട്ടിയിൽ ഒരു പരാതി ഇടാനുണ്ട്.
കുട്ടി 2–ആർക്കെതിരെയാ?
കുട്ടി 1 – ആ ഫിസിക്സ് ടീച്ചർക്ക് ഇത്തിരി അഹങ്കാരം കൂടുതലാ. ഒരു പണി വച്ചു കൊടുക്കട്ടെ. ജോണി ഒരു അടവു പറഞ്ഞു തന്നിട്ടുണ്ട്.
കുട്ട 2–ചെല്ല്.വിജയശ്രീ ലാളിതനായി വരൂ.

സീൻ 8
മറ്റൊരു ദിവസം. ജോണി ഈർക്കിൽ റബ്ബറിൽ അമ്പാക്കി തൊട്ടു മുന്നിലെ കുട്ടിയുടെ മുതുകിലേയ്ക്ക് വിടുന്നു.അമ്പു കൊണ്ട വിദ്യാർത്ഥി ദേഷ്യത്തോടെ തിരിഞ്ഞു നോക്കുന്നു. ജോണി കോമ്പസ് എടുത്ത് കാണിക്കുന്നു. കുട്ടി. അൽപം കഴിഞ്ഞ് ഒരു പടക്കം പോക്കറ്റിൽ നിന്നും എടുത്ത് ലൈറ്ററിൽ കത്തിച്ച് ജനൽ വഴി പുറത്തിടുന്നു. പടക്കം പൊട്ടുന്നു. കുട്ടികൾ ഭയക്കുന്നു. കുറേപ്പേർ പൊട്ടിച്ചിരിക്കുന്നു. ക്ലാസ് അലങ്കോലമാകുന്നു.

സീൻ 9
ഹെഡ്മിസ്ട്രസിന്റെ റൂം.ജോണിയുടെ ക്ലാസ് ടീച്ചർ.ജോണിയുടെ ക്ലാസ് ടീച്ചർ.എച്ച്എം നോടായി – ടീച്ചർ ഇതുകണ്ടോ? ഈ ജോണിയുടെ വേഷം, ഭാവം പെരുമാറ്റം ഒന്നും ഒരു വിദ്യാർത്ഥിക്കു ചേർന്നതല്ല. അവന്റെ അച്ഛനെ ഒന്നു വിളിപ്പിച്ചു സംസാരിക്കണം. എച്ച് എം ജോണിയോടായി. "ജോണി നാളെ അച്ഛനെ ഒന്നു വരാൻ പറയൂ." 'ഓ' എന്നു പറഞ്ഞ് ജോണി ധിക്കാരത്തോടെ തിരിഞ്ഞു നടക്കുന്നു.

സീൻ – 10
ജോണിയുടെ അച്ഛൻ, തലമുടി ഫ്രീക്ക് സ്റ്റൈൽ.ചെറിയ ജീൻസ് പാൻറ് ലോ വേസ്റ്റ് ഇൻഷർട്ട്. അഞ്ചാറ് ആൾക്കാർക്കൊപ്പം കടന്നു വരുന്നു.കൂടെ ജോണിയുമുണ്ട്.

ഓഫീസ് മുറി തള്ളിക്കയറി അകത്തു കടക്കുന്നു. ഹെഡ്മിസ്ട്രസ് ഭയന്ന് നോക്കുന്നു. ജോണിയുടെ അച്ഛൻ നേരെ എച്ച് എം ന്റെ നേരെ തട്ടിക്കയറി സംസാരിക്കുന്നു.
" ഞാൻ ജോണിയുടെ അച്ഛൻ.എന്താണ് ടീച്ചർ എന്റെ മോന്റെ കുഴപ്പം. അവന്റെ പാൻറും ഷർട്ടും തലമുടിയുമാണോ നിങ്ങൾടെ പ്രശ്നം.കുട്ടികൾ അൽപ്പം സ്റ്റൈലിൽ



വന്നാ എന്താ കുഴപ്പം. ടീച്ചർമാർപാഠം പഠിപ്പിച്ചാ പോരേ. മറ്റു കാര്യങ്ങൾ ശ്രദ്ധിക്കുന്നതെന്തിനാ? ടീച്ചർക്കു മുകളിലും ആൾക്കാരുണ്ടെന്ന് മറക്കരുത്. ഒരു പരാതി ഞാൻ അയച്ചാൽ ടീച്ചർ അഴി വരെ എണ്ണേണ്ടി വരും.മറക്കണ്ട."

"അല്ല, ഇരിക്കു. നമുക്ക് സംസാരിക്കാം." എച്ച്.എം.അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നു." എന്നെ ഇരുത്തണ്ട - ടീച്ചർ ഇരിപ്പിടത്തിൽ നിന്ന് വീഴാതെനോക്കിക്കോ" എന്നു പറഞ്ഞ് മേശമേൽ അടിച്ച് അയാൾ ഇറങ്ങിപ്പോകുന്നു. എച്ച്.എം. പകച്ചു നോക്കുന്നു.

സീനിയർ അസിസ്റ്റന്റ് എച്ച്എം നോടായി. "സൂക്ഷിക്കണം ടീച്ചർ.ലോകമിന്ന് അവർക്കൊപ്പമാണ്.അവരാണ് ശരി. " എച്ച്.എം നിരാശയോടെ സീനിയർ ടീച്ചറിനോടായി."സർവ്വ തന്ത്രസ്വതന്ത്രരായ ഈ കുട്ടികളെ അച്ചടക്കവും അനുസരണയും ആരു പഠിപ്പിക്കും സാർ?ആരാണ് ഇവരെ നിയന്ത്രിക്കാൻ? ഇവരുടെ പോക്ക് എവിടേയ്ക്കാണ് സാർ.ഓരോ ദിവസവും ഓരോ കുട്ടിയാൽ അപമാനിപ്പിക്കപ്പെട്ട അധ്യാപകരുടെ മുഖമാണിന്നു കാണുന്നത്. "

സീൻ 11
(സമീപദൃശ്യം)
ബയോളജി ക്ലാസ്. ബ്ലാക്ക് ബോർഡിൽ കണ്ണിന്റെ ചിത്രം.ടീച്ചർ അരുണിനോടായി ചോദിക്കുന്നു. " അരുൺ പറയൂകാഴ്ചശക്തിയെ ബാധിക്കുന്ന ഘടകങ്ങൾ എന്തൊക്കെ?"
അരുൺ - അമിതമായി ടി.വി കാണൽ. കമ്പ്യൂട്ടറിന്റെ അമിതമായ ഉപയോഗം: മൊബൈൽ സ്ക്രീനിൽ ഒരുപാട് സമയം നോക്കിയിരിക്കൽ...
ടീച്ചർ-very good.നിങ്ങൾക്കിടയിൽ മൊബൈൽ അമിതമായി ഉപയോഗിക്കുന്നവർ ആരൊക്കെയാണ്. കുറച്ചധികം കുട്ടികൾ ജോണിയെ തിരിഞ്ഞു നോക്കുന്നു ടീച്ചർ-അരുൺ ഇരിക്കു. അരുൺ ചിരിച്ചു കൊണ്ട് ഇരിക്കുന്നു .ജോണി ബെഞ്ചിൽ കുത്തി നിർത്തിയിരുന്ന പേനയിലേയ്ക്ക് അരുൺ ഇരിക്കുന്നു. പേന കുത്തിക്കയറിയ

വേദനയിൽ അരുൺ അലറി വിളിക്കുന്നു. അടുത്തിരിക്കുന്ന കുട്ടികൾ അരുണിനെ താങ്ങിപ്പിടിക്കുന്നു. തൊട്ടു പുറകിലിരുന്ന ആൺകുട്ടി അടുത്തിരുന്ന ആൺകുട്ടിയോടായി "ജോണി അവന്റെ ആസനത്തിൽ പേന കയറ്റി. "

ചിരിക്കുന്നു.

സീൻ.12

സ്റ്റുഡന്റ് കൗൺസലിംഗ് റൂം. റൂമിന്റെ പുറത്ത് ബോർഡ് പ്രദർശിപ്പിച്ചിരിക്കുന്നു. കൗൺസലറുംജോണും അഭിമുഖമായിരിക്കുന്നു. കൗൺസലർ ജോണിനോട് സംസാരിക്കുന്നു. യാതൊരു ഭാവഭേദവുമില്ലാതെ അലസ മട്ടിൽ കൗൺസലറുടെ വാക്കുകൾക്ക് വലിയ പ്രാധാന്യം കൊടുക്കാതെ കേട്ടിരിക്കുന്നു. മ്യൂസിക് ബാങ്ക് ഗ്രൗണ്ടിൽ കൗൺസിംഗ് തീരുന്നു. ജോണി പോകാനായി എഴുന്നേൽക്കുന്നു. കൈയ്യിൽ കരുതിയിരുന്ന ഒരു ചെമ്പരത്തിപ്പൂവ് കൗൺസലർക്കു നൽകി പറയുന്നു. "എന്തയാലും ടീച്ചർ ഇത്രയും പറഞ്ഞതല്ലേ.ഇതിരിക്കട്ടെ." ടീച്ചർ അവിശ്വസനീയതയോടെ നോക്കുന്നു.ജോണിപുറത്തേയ്ക്ക്പോകുന്നു.

സീൻ 13

കണക്ക് ക്ലാസ്.ആതിരയുടെ മുന്നിൽ അഭിനവ് കണക്കിൽ ഒരു സംശയം ചോദിക്കുന്നു. ആതിര സംശയം പറഞ്ഞു കൊടുക്കുന്നു. ആ തിരയുടെ മുന്നിൽ അൽപം വളഞ്ഞു നിൽക്കുന്ന അഭിനവിന്റെ പൃഷ്ഠഭാഗം ലക്ഷ്യമാക്കി ജോണി കോമ്പസ് വലിച്ചെറിയുന്നു. അഭിനവ് കൃത്യസമയത്ത് തിരിയുന്നു. ആതിര ശബ്ദം കേട്ട് തിരിയുന്നു.കോമ്പസ് കൃത്യം ആതിരയുടെ കണ്ണിൽ തറച്ചു കയറുന്നു. ആതിര കണ്ണ് പൊത്തിപ്പിടിച്ചു കൊണ്ട് നിലവിളിക്കുന്നു. മറ്റു കുട്ടികൾ ഓടിക്കൂടുന്നു.കൂട്ടുകാർ ആതിരയെ താങ്ങിപ്പിടിച്ച് പുറത്തേയ്ക്ക് കൊണ്ടു പോകുന്നു.

സീൻ 14

ഡോക്ടർറൂം. ഡോക്ടർ, ആതിരയുടെ അച്ഛൻ.
ഡോക്ടർ - കോമ്പസ് ഇടതു കണ്ണിലാണ് തറച്ചതെങ്കിലും ഓപ്റ്റിക് നെർവ്വ് ഡീപ് ഇൻ ജ്വേ ഡാണ് ഓപ് കിക് നെർവ്വ് ഡാമേജ് ആയാൽ രണ്ടു കണ്ണുകളുടേയും കാഴ്ച നഷ്ടപ്പെടും. bad luck. ആതിരയുടെ രണ്ടു കണ്ണുകളുടേയും കാഴ്ച ആ കോമ്പസ് കവർന്നെടുത്തു.
അച്ഛൻമുഖംപൊത്തിക്കരയുന്നു.



ഡോക്ടർ സീറ്റിൽ നിന്നു എഴുന്നേറ്റ് ചുമലിൽ തട്ടി ആശ്വസിപ്പിക്കുന്നു... അച്ഛൻ – (കരഞ്ഞുകൊണ്ട് ) ഡോക്ടർ എന്റെ രണ്ടു കണ്ണുകളും അവൾക്കു നൽകാം. പകരം അവളുടെ ഒരു കണ്ണിന്റെ കാഴ്ചയെങ്കിലും വീണ്ടെടുക്കാനാകുമോ സാർ.?"

ഡോക്ടർ – I സോറി സാർ.ഒപ്റ്റിക് നെർവ്വ് ഫുള്ളിഡാമേജ് ആണ്. സൊ ട്രാൻസ്പ്ലാന്റേഷൻ കൊണ്ട് ഉപയോഗമില്ല . ഞങ്ങൾ പരമാവധി പരിശ്രമിച്ചു. but ഈശ്വരൻ – ...റിയാലിറ്റി നമുക്ക് അക്സപ്റ്റ് ചെയ്തേ മതിയാകൂ സാർ.

സീൻ 15

ആതിരയുടെ വീട്. ആതിരയുടെ അച്ഛൻ, ക്ലാസ് ടീച്ചർ, ജോണിയുടെ അമ്മ.,

അച്ഛൻ – ഇല്ല. ഞാനവനോട് പൊറുക്കില്ല. എന്റെ കുട്ടിയുടെ ജീവിതമാണ് അവൻ തകർത്തത്. അവന്റെ ജീവിതം ഞാൻ ജയിലിലാക്കും.... (അൽപ്പനേരത്തെ മൗനത്തിനു ശേഷം ).അമ്മയില്ലാത്ത അവൾക്കുവേണ്ടിയായിരുന്നു എന്റെ ജീവിതം..... ഇനി എന്റെ കുഞ്ഞ് എങ്ങനെ ജീവിക്കും.' അവളുടെ രണ്ടു കണ്ണുകളുടേയും കാഴ്ച അവൻ അപഹരിച്ചില്ലേ. അൽപ നേരം എല്ലാവരും മൗനമായിരിക്കുന്നു. വീണ്ടും അച്ഛൻ ക്ലാസ് ടീച്ചറോടായി. "നിങ്ങൾ അധ്യാപകരാണ് കുറ്റവാളികൾ. നിങ്ങൾ അവനെ ശാസിച്ചില്ല. നിങ്ങൾ അവനെ ശിക്ഷിച്ചില്ല. നിങ്ങൾ അവന് തെറ്റു ചൂണ്ടിക്കാട്ടിക്കൊടുത്തില്ല, നിങ്ങളാണ് തെറ്റുകാർ "

ടീച്ചർ– ( അൽപ്പം മൗനത്തിനു ശേഷം അത്യധികം വിഷമത്തോടെ) ശാസിച്ചാലും ,ശിക്ഷിച്ചാലും ഞങ്ങൾ തെറ്റുകാരും കുറ്റവാളികളുമാണ് സാർ. ഒരു അമ്മയെപ്പോലെയോ  അച്ഛനെപ്പോലെയോ സ്നേഹിച്ചും ശാസിച്ചും മാത്രമേ കുട്ടികളെ നിയന്ത്രിക്കാനാകൂ. പക്ഷേ ഞങ്ങളുടെ കരങ്ങൾക്ക് ആരോ കൂച്ചുവിലങ്ങിട്ടിരിക്കുന്നു, ഞങ്ങൾക്കിന്ന് ഭയമാണ് സാർ, കുട്ടികളെ സമൂഹത്തെയൊക്കെ." വീണ്ടും നിശബ്ദത. ടീച്ചർ തുടരുന്നു.

" സാറിന്റെ നഷ്ടങ്ങൾക്ക് പകരം തരാൻ ഒന്നുമില്ലാത്തവരാണ് ഞങ്ങൾ – ജോണി

ജയിലിലായാൽ നമ്മൾ നാളത്തെ സമൂഹത്തിന് ഒരു കുറ്റവാളിയെ നൽകുകയല്ലേ സാർ ചെയ്യുന്നത്.?അവനോട് പൊറുത്തു കൂടെ.സാറിന്റെ കനിവാണ് ഇനിയുള്ള അവന്റെ ജീവിതം."

ജോണിയുടെ അമ്മ– "തൊഴുകൈയ്യോടെ കരഞ്ഞുകൊണ്ട് .എന്റെ മോനോട്



പൊറുക്കണം സാർ .സാറിന്റെ മോൾക്ക് എന്റെ ജീവിതവും കണ്ണുകളും പകരം നൽകാം സാർ, എന്റെ മോനോട് പൊറുക്കണം സാർ, അവനെ ജയിലിലയക്കല്ലേ സാർ, അവനെ ജയിലിലയക്കല്ലേ ( പൊട്ടിക്കരഞ്ഞുകൊണ്ട് അച്ഛന്റെ കാലിൽ വീഴുന്നു.)

സീൻ – 16

അടുത്ത കേരളപ്പിറവി. അന്ധയായ ആതിരയുടെ മോഹിനിയാട്ടം. കവിതയുടെ പശ്ചാത്തലം. സദസ് വിസ്മയത്തോടെ കണ്ടുകൊണ്ടിരുന്നു.

നൃത്തം തീരുന്നു. അച്ഛൻ കടന്നു വന്ന് ആതിരയെ ചേർത്തു പിടിക്കുന്നു. സദസ് എഴുന്നേറ്റ് നിന്ന് കൈയ്യടിക്കുന്നു.

മുടി നന്നായി വെട്ടിയൊതുക്കി, ആവശ്യത്തിന് അളവുള്ള പാൻറസും ഷർട്ടും ധരിച്ച ഇൻഷർട്ട് ചെയ്ത ജോണി പടികൾ ഓടിക്കയറി സ്റ്റേജിൽ എത്തുന്നു. ആതിര കാണുന്നില്ല. തൊഴുകൈയ്യോടെ ജോണി നടന്നു വരുന്നു. അവന്റെ ഹൃദയം മന്ത്രിക്കുന്നു. (പശ്ചാത്തലത്തിൽ ) – 'മാപ്പ് മാപ്പ് 'ശരിയും തെറ്റും പറഞ്ഞു തന്ന വരെയെല്ലാം ഞാൻ പരിഹസിച്ചു. അപമാനിച്ചു.പൊറുക്കാനാവാത്ത തെറ്റ് ഞാൻ ചെയ്തു പോയി .മാപ്പ്. മാപ്പ്.,

ആതിരയുടെ കാൽക്കൽ വീണ് പൊട്ടിക്കരയുന്നു. അൽപസമയ ശേഷം അച്ഛൻ ജോണിയെ പിടിച്ചെഴുന്നേൽപ്പിക്കുന്നു. സങ്കടം കലർന്ന മുഖത്തോടെ ചേർത്തു പിടിക്കുന്നു. സദസ് കൈയ്യടിക്കുന്നു.

# പെൺപൂക്കൾ ....

സുജാറാണി വി എൻ
അദ്ധ്യാപിക

വളരാനും പൂക്കാനും
വയ്യെന്റെ കാലമേ ...
മൊട്ടായ മൊട്ടെല്ലാം
കശക്കിയെറിയുമ്പോൾ ...
പൂവായപൂവെല്ലാം
കത്തിയമരുമ്പോൾ ...



ഇനിയും മൊട്ടിട്ട
വിരിയിക്കുവതെങ്ങനെ ഞാൻ ...???
ഒളിക്കട്ടെ പെൺപൂക്കൾ
വിത്തിനുള്ളിൽ ....
വളരാതെ , പൂക്കാതെ , മയങ്ങട്ടെ ....
ഭൂമിയുടെ ഗർഭപാത്രത്തിൽ ....

# പേടിയാകുന്നു.   (കഥ)

-----------------------

ഷജിബുദീൻ. ബി



"വാപ്പ.വാപ്പ ഓടി വാ, ദാ ടി വിയ്ക്ക് തീപിടിച്ചേ " യു.കെ.ജിക്കാരിയുടെ ഭീതി കലർന്ന നിലവിളി കേട്ട് അയാൾ മുറിയിൽ നിന്നും ഓടി ഹാളിലെത്തി.
"ദാ നോക്ക്.ടിവിയിൽ തീ. "രാത്രിയിലെ ഹോം വർക്ക് കഴിഞ്ഞ് കുട്ടികളുടെ ചാനലിനായി ടിവി ഓൺ ചെയ്തതായിരുന്നു. തെളിഞ്ഞു വന്നത് വാർത്താ ചാനൽ.കലാപകലുഷിതമായ സമൂഹാന്തരീക്ഷം. തീ പിടിച്ചോടുന്ന ഓടുന്ന ജനങ്ങൾ. നിന്നു കത്തുന്ന വാഹനങ്ങൾ .തീ കണ്ട കുഞ്ഞു മനസിന്റെ ആധിയായിരുന്നു ആ വിളി ,

"ടീവിയ്ക്ക് തീപിടിച്ചതല്ല മോളേ.ആളുകൾ വാഹനങ്ങൾക്ക് തീവച്ചതാണ്." അയാൾ പറഞ്ഞു.
"എന്തിനാ? നമ്മളെ പൊറത്താക്കാൻ പോണേനാണോ?"
കുറച്ചു ദിവസമായി ഭാര്യയും ഭർത്താവും തമ്മിൽ പങ്കുവയ്ക്കുന്ന ഭീതിയുടെ വാക്കുകൾ ആ കുഞ്ഞു മനസിലും പതിഞ്ഞിരിക്കുന്നു.
കഴിഞ്ഞ രാത്രിയിലും ഉമ്മറപ്പടിയിലിരുന്ന് അവർ സംസാരിച്ചു.
" കേൾക്കുന്നതൊക്കെ  ശരിയാണോ?" അവൾ ഭർത്താവിന്റെ കരം പിടിച്ച് ചോദിച്ചു.



"ഒരു രാഷ്ട്രം അതിന്റെ സപ്ത വർണ ചേല മാറ്റി ഏകവർണച്ചേല അണിയുകയാണ്."
" അപ്പോൾ എല്ലാം സത്യമാണല്ലേ?"
"പുരം പൗരനെ നിയമങ്ങൾ കൊണ്ട് അന്യനാക്കുമ്പോൾ ഭൂമിയിൽ നിന്നും പിടിവിട്ട് അവൻ കടലിൽ പതിച്ചേക്കാം."
" പോകേണ്ടി വരുമോ? "
"കാര്യങ്ങൾ മറ നീക്കി പുറത്തു വരികയാണ്."
ആ സംസാരത്തിനിടയിൽ മകൾ ഓടി വന്ന് അമ്മമടിയിലൊട്ടി.
" പോകേണ്ടി വന്നാലും എനിക്കും മോൾക്കുമല്ലേ പോകേണ്ടി വരുള്ളൂ." അയാൾ പറഞ്ഞു:
"അമ്മ വരാത്തതെന്താ വാപ്പ. "

" അമ്മയ്ക്കു വരണ്ട.അമ്മ ഇവിടുത്തുകാരിയാ."
"അപ്പോ എനിക്ക് കുളി പോകാമ്പറ്റൂലേ? ജോയലിനേം കുഞ്ഞാറ്റേം കാണാനും പറ്റൂലേ..."
കുഞ്ഞു മനസിലും ഭയം മറനീക്കുകയാണ്.
"നമ്മൾ ഇവിടല്ലേ ജനിച്ചത്. അപ്പോൾ നമ്മൾ ഇവിടുത്തുകാരല്ലേ."
"പിറന്ന മണ്ണ് സ്വന്തമെന്ന് ദൈവത്തിന്റെ നിയമമാ മോളേ.മനുഷ്യന്റെ നിയമം അതല്ല." മനസിലായില്ലെങ്കിലും എന്തോ വലിയ കാര്യമാണെന്ന് അവൾ ഊഹിച്ചു. ശേഷം പറഞ്ഞു.
"വാപ്പും അമ്മേം വിഷമിക്കണ്ട. ഞാൻ ഒരു സൂത്രം ശരിയാക്കിയിട്ടുണ്ട്. "
"എന്ത് സൂത്രമാ?" അമ്മ ആകാംക്ഷയോടെ ചോദിച്ചു.

"ഇന്നലെ കുളി വച്ച് കുഞ്ഞാറ്റേടെ അച്ഛനേം അമ്മേം കണ്ടപ്പോൾ ഞാൻ ചോദിച്ചു, ഞങ്ങളെ പൊറത്താക്കാൻ പോണ്.ഞങ്ങൾ ഇവിടുത്തുകാരാണെന്ന് പറയോന്ന്. കുഞ്ഞാറ്റേടെ അച്ഛൻ എന്നെ കെട്ടിപ്പിടിച്ച് ഉമ്മ തന്നിട്ട് മോളെ എവിടേയ്ക്കും ഞങ്ങൾ വിടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ നമുക്ക് ഇവിടുന്ന് പോണ്ടല്ലോ. "കുഞ്ഞു മനസ് പ്രതീക്ഷ പങ്കുവച്ചു.
"അവർ പറഞ്ഞാലൊന്നും മതിയാകില്ല മോളേ " അയാൾ പറഞ്ഞു.
"എന്നാൽ ഒരു കാര്യം ചെയ്യാം.വാപ്പ സാധനം വാങ്ങണ കടേലെ കൃഷ്ണൻകുട്ടി മാമനെ കൊണ്ട് പറയിക്കാം. ഇല്ലെങ്കിൽ വാപ്പന്റെ കൂടെ



കുളി പഠിച്ച, നമ്മക്ക് ക്രിസ്മസ് കേക്ക് വാങ്ങിത്തരണ ഇമ്മാനുവൽ മാമനെ കൊണ്ട് പറയിക്കാം."
"അവരെല്ലാം നമുക്ക വേണ്ടി പറയും മോളേ. പക്ഷേ അവർ പറയുന്നതൊന്നും വിശ്വസിക്കില്ല."
"അതെന്താ ആരേം വിശ്വാസമില്ലാത്തെ?" "വിശ്വാസം, അതല്ല മോളേ എല്ലാം." "ഓഹോ...!"അവൾ മൂക്കത്ത് വിരൽ വച്ചു.

നൂറാണ്ടുകൾക്കപ്പുറത്ത് ആഫ്രിക്കൻ മണ്ണിൽ നിന്നും ഒരടിമ ഉടലെടുത്തു വന്ന് ചുമലിൽ കൈവച്ച് അയാളോട് പറഞ്ഞു, കാലമേ മാറുന്നുള്ളൂ. കഥ മാറില്ല. ഏതോ തവളത്തിൽ നിന്നും ഉയർന്ന ഒരു സൈനിക അടിമയുടെ നീണ്ട നിലവിളി ഒരു പ്രേതപ്രയാണം പോലെ അതു വഴികടന്നു പോയി. ഇരുപതടി ഉയരമുള്ള ചുറ്റമതിലിനകത്തെ തടങ്കൽപ്പാളയത്തിനുള്ളിലിരുന്ന് ഒരു കുഞ്ഞ് പേന തന്റെ ഡയറിയിലെഴുതി 'എനിക്ക് അച്ഛനെ കാണണം....'

ഒരു മരണവണ്ടി ചൂളം വിളിച്ചു കൊണ്ട് ഗേറ്റ് ഓഫ്ഡത്ത് കടന്ന് അകത്തേയ്ക്ക് പോയി. ചുടലയിൽ കത്തിക്കൊണ്ടിരുന്ന ഒരുടൽ പിടഞ്ഞു കൊണ്ട് എഴുന്നേറ്റോടി അയാൾക്കടുത്തെത്തി ചോദിച്ചു, 'മതം പിറക്കാത്ത പ്രപഞ്ചഗോളമുണ്ടോ?'പെൺലിംഗം ഒട്ടിച്ചു വയ്ക്കപ്പെട്ട ഒരു ആണുടൽ വഴിയരികിൽ രക്തമൊലിച്ചു കിടന്നു. ബഡ്ഡിംഗും ഗ്രാഫ്റ്റിംഗും പരീക്ഷിക്കപ്പെട്ട ഉടലുകൾ നീറി നീറി ചുറ്റിനും
നടന്നു. ചിന്തയുടെ കൊടുംകാറ്റിൽ ചരിത്രത്തിന്റെ പുസ്തകത്താളുകൾ മറിച്ചു.

"വാപ്പ ... " അമ്മയുടെ മടിയിൽ നിന്നു മിറങ്ങി അരികിലെത്തി മകൾ പറഞ്ഞു.
" വാപ്പ ...ടീവീ കാണണ ആ മാമനാണോ നമ്മളെപൊറത്താക്കാൻ പോണത്. എങ്കിൽ വാപ്പ ആ മാമന്റെ ഫോൺ നമ്പർ വാങ്ങി താ.കുഞ്ഞു ഫോൺ വിളിച്ചു പറയാം. നമ്മൾ ഇവിടുത്തുകാരാണ് നമ്മളെ പൊറത്താക്കല്ലേന്ന്." പൂർണമായും മുങ്ങും മുൻപ് ജീവൻ രക്ഷപ്പെടലിന്റെ കച്ചിത്തുരുമ്പ് ഭൂമിയിൽ തേടുകയാണ്. അയാൾ അവളെ ചേർത്തു പിടിച്ചു.
അടുത്ത മുളകപാടത്തു നിന്നും എന്തോ കണ്ട് പേടിച്ചോടിയ കുഞ്ഞിപ്പൂച്ച അടുത്തുവന്ന് അവളുടെ പാദങ്ങൾ ചേർന്നു വലുയർത്തിപ്പിടിച്ചു നിന്നു.അവൾ ചോദിച്ചു. "വാപ്പ ,നമ്മുടെ കുഞ്ഞിപ്പൂച്ചയ്ക്കും പോകേണ്ടിവരോ?"



"ഇല്ല മോളേ. മനുഷ്യ ജീവനേക്കാൾ വില മൃഗ ജീവനുള്ള കാലമാണ്. മതത്തിലല്ലാത്തതിനാൽ അവ രക്ഷപ്പെടും."

" നമുക്ക് പൂച്ചകൾ ആയാൽ മതിയായിരുന്നു അല്ലേ. എങ്കിൽ നമുക്ക് ഈ വീട്ടിത്തന്നെ കഴിയാമായിരുന്നു." അയാൾ അവളുടെ ശിരസിൽ തലോടി .

"വാപ്പൂ നമ്മുടെ വീടും എല്ലാം ഇവിടല്ലേ. അപ്പോൾ നമ്മൾ ഇവിടുത്തുകാരല്ലേ." കുഞ്ഞു മനസിന്റെ അധി അവസാനിക്കുന്നില്ല.
"അതു കൊണ്ടൊന്നും നമ്മൾ ഇവിടുത്തുകാരാകില്ല."
"പൊറത്താക്കിയാൽ നമ്മൾ എവിടെപ്പോകും.?"

ഭൂമിയിൽ ഇടമില്ല. ആകാശത്തിൽ എത്തിച്ചേരാനുമാകില്ല. അയാൾ ചിന്തിച്ചു. "നമുക്ക് ഒരു പായ് വഞ്ചി ഉണ്ടാക്കാം " അയാൾ പറഞ്ഞു. " അതിൽ കയറി നമുക്ക് കടലിലേയ്ക്ക പോകാം. അവിടെ  തുഴഞ്ഞു തുഴഞ്ഞു ജീവിക്കാം. കരയില്ലാത്തവരായി "
"വാപ്പു നമുക്ക് ആരു പറഞ്ഞാലും പോണ്ട .... വാപ്പു കുഞ്ഞൂന് ഇവിടെക്കിടന്നാലേ ഉറക്കം വരൂ." ആധിതീരാതെ അവൾ പറഞ്ഞു.
ആശങ്കയുടെ രാവുകളിലൊന്നിൽ അയാൾ ഭാര്യയോട് ചോദിച്ചു. "വിളിച്ചപ്പോൾ ഇറങ്ങി വരണ്ടായിരുന്നു എന്ന് തോന്നുന്നുണ്ടോ ഇപ്പോൾ ?"

'മോൾക്കിഷ്ടമാണെങ്കിൽ പൊയ്ക്കോ.വയറൊട്ടി എന്റെ മോളും കൂടി ഇവിടെ കിടന്നു ചാകണ്ട.' കടമെടുത്ത പണം തിരിച്ചടയ്ക്കാനാകാതെ അച്ഛൻ തൂങ്ങിയാടിയ മരത്തിനു താഴെ ശവപ്പറമ്പായി മാറിയ ഗോതമ്പു പാടത്ത് നോക്കി അമ്മ പറഞ്ഞ വാക്കുകൾ അവളുടെ കാതുകളിൽ മുഴങ്ങി. 'ഇനി ഈ മണ്ണും കൂടി പണം തന്നവർ കൊണ്ടു പോകുമ്പോൾ അമ്മയും മണ്ണില്ലാത്തവളായി മാറും. ഭൂമിയിൽ നിന്നു തന്നേ വെളിയിലാക്കപ്പെട്ട ജൻമം.വിശപ്പിനും ദാഹത്തിനും മതമില്ല.അവൻ സ്നേഹോള്ളോനാ. നീ .പൊയ്ക്കോ.' എന്നിട്ടും അമ്മയെ ഉപേക്ഷിച്ചില്ല. നാളുകൾക്കു ശേഷം ജപ്തി നോട്ടീസ് വാതിലിൽ മുദ്ര ചാർത്തിയപ്പോൾ അമ്മയും അച്ഛനൊപ്പം മരച്ചില്ലയിലെ കയറിൽ



അഭയം തേടി. പ്രാണനും പ്രണയത്തിനുമപ്പുറം മാനത്തിനു മുകളിൽ കഴുകൻ ചിറകടിച്ചപ്പോൾ അവൾ അയാളുടെ കൈ പിടിച്ചോടി..

"എന്താ ഒന്നും മിണ്ടാത്തെ?" അയാൾ അവളുടെ മുടിയിഴകളിൽ തലോടി വീണ്ടും ചോദിച്ചു.

" അമ്മയെ ഓർമ്മ വരുന്നു." അവൾ നനവാർന്ന ശബ്ദത്തിൽ പറഞ്ഞു. "നമുക്കു മുൻപേ പുറത്താക്കപ്പെട്ട ജൻമം."

"പ്രാണനെ പ്രാണനിൽ നിന്നും അടർത്താൻ അധികാരത്തിനാകുമോ?" അയാളുടെ വിരലുകൾ കോർത്തു പിടിച്ച് ഇരുളിലേയ്ക്ക് തുറന്നു പിടിച്ച കണ്ണുകളോടെ അവൾ ചോദിച്ചു.

"പ്രാണനും പ്രണയവുമൊന്നും അധികാരത്തിന്റെ ഭ്രാന്തിന് മനസിലാവില്ല."

ഒരു ദീർഘമായ മൗനം അവർക്കിടയിൽ വന്നു കിടന്നു. രാക്കിളികളും നിശബ്ദരായി. വീടിനു ചുറ്റും ഏതോ വന്യമൃഗത്തിന്റെ കാലൊച്ച ശക്തിയാർജിച്ചു.

പേക്കിനാവിന്റെ മയക്കത്തിനിടയിൽ ഭാര്യ അയാളെ കുലുക്കി വിളിച്ചു,
" ദേ,കുഞ്ഞൂന് നല്ല പനി. " അയാൾ എഴുന്നേറ്റ് വിളക്കുതെളിച്ചു .കുഞ്ഞു ശരീരം ഒരു തീഗോളം പോലെ ചുട്ടുപൊള്ളുന്നു. ശക്തമായ ചൂടിൽ ബോധാ ബോധങ്ങൾക്കിടയിൽ അങ്കലാപ്പിന്റെ സ്വരം വിറങ്ങലിച്ചു. "നിക്ക് പേടിയാകുന്നു......നിക്ക് പേടിയാകുന്നു.

കുഞ്ഞാറ്റേ.... വാപ്പ .... ജോയലേ..... അമ്മേ.... "പേടിയുടെ ഇടവേളകളിൽ വാക്കുകളിൽ അഭയം തേടിയ ശബ്ദങ്ങൾ.
ഭർത്താവിന്റെ മുഖത്തു നോക്കി ഭാര്യയും പറഞ്ഞു. "എനിക്കും പേടിയാവുന്നു."എനിക്കും. അത് അയാൾ ആരോടും പറഞ്ഞില്ല.

ജനനീ ജന്മഭൂമി ശ്ച



സ്വർഗദാപി ഗരീയസി എന്നു നിലവിളിച്ചു കൊണ്ട് ആരോ പെരുവഴിയേ ഓടിപ്പോയി.അയാളുടെ മനസ്സിൽ കടലിൽ ഒരു പായ് വഞ്ചി കാറ്റുപിടിച്ചുമറിഞ്ഞു. ശ്വാസം കിട്ടാതെ ഒരു കുഞ്ഞുടൽ

കടലാഴങ്ങളിലേയ്ക്ക് ആണ്ടു.മൂന്നാം നാൾ ചുവന്ന ഉടുപ്പണിഞ്ഞ ആ ഉടൽ കര കാണാൻ വീണ്ടുമെത്തി. ഭൂമിയിൽ ഉമ്മവച്ചു കിടന്നു.ആകാശം നഷ്ടമായ കുറേ കാക്കകൾ ആ ഉടലിനു ചുറ്റും കൂടി കൊക്കു വിടർത്തി നിലവിളിച്ചു.



# പൂന്തോട്ടത്തിൽ പൂമ്പാറ്റക്കരുകിൽ

ദേവിക സി മനോജ്
7 ഇ

ഇന്നും വളരെ വൈകിത്തന്നെയാണ് മഞ്ഞുതുള്ളിവീണ് തണുപ്പുള്ള പുല്ലിൽ നിന്ന് മുല്ല ഉറക്കമുണർന്നത്.മുല്ലപ്പൂവിനിന്ന് ഇന്നലത്തേക്കാൾ ക്ഷീണമുണ്ടായിരുന്നു . കാരണം ഇന്നലെ ചുട്ടുപൊള്ളുന്ന വെയിലത്തായിരുന്നു മുല്ല നിന്നത് . അതുപോലെ ഇന്നലെ ഒട്ടും വെള്ളവും കിട്ടിയിരുന്നില്ല . ഇന്നലെത്തന്നെ എന്നും വരാറുള്ളതിനേക്കാൾ ഒരുപാട് വണ്ടികളും പൂമ്പാറ്റകളും മുല്ലയിൽ തേൻകുടിക്കാൻ എത്തി .മറ്റു വണ്ടുകൾ മുല്ലയെ എന്നും ശല്യപ്പെടുത്തുന്നുണ്ടായിരുന്നു. എന്നാൽ മറ്റു ശലഭങ്ങൾക്ക് ഈ വണ്ടുകൾ മുല്ലയെ ശല്യപ്പെടുത്തുന്നത് സഹിച്ചിരുന്നില്ല .



ഒരുപാട് പ്രാവശ്യം പൂമ്പാറ്റകൾ മുല്ലയെ ശല്യപ്പെടുത്തരുത് എന്ന് വണ്ടുകളോട് പറഞ്ഞെങ്കിലും അതൊന്നും കേൾക്കാൻ വണ്ടുകൾ കൂട്ടാക്കിയില്ല .എന്നെന്നും ഈ രണ്ടുപേരുടെയും വഴക്കും ശല്യപ്പെടുത്തലും കേട്ട് കേട്ട് മുല്ലയ്ക്ക് സ്വസ്ഥതയില്ലാതായി .അങ്ങനെ ഒരിക്കൽ മുല്ല ഒന്നുനോക്കാതെ പൂമ്പാറ്റയോട് ഉറക്കെ വിളിച്ചു പറഞ്ഞു .നിങ്ങൾ എനിക്കൊരു ശല്യമാണ് . ഇതുകേട്ട പൂമ്പാറ്റകൾക്കു മുല്ലയുടെ ഈ വാക്കുകൾ



അവരിൽ ദുഃഖം നിറച്ചു. പൂമ്പാറ്റകൾ മുല്ലയോടു കേണു പറഞ്ഞു. ഞങ്ങൾ നിന്നെ വണ്ടികളിൽ നിന്ന് രക്ഷിക്കുകയാണ്. എന്നാൽ മുല്ലക്ക് പൂമ്പാറ്റകളേയും ശല്യമായി

തോന്നി . ഇനിയൊരിക്കലും നിങ്ങളാരും എന്നിൽ നിന്ന് തേൻകുടിക്കാനായി വരരുത് എന്ന് മുല്ല വണ്ടിനോടും , പൂമ്പാറ്റകളോടും ദേഷ്യത്തിൽ പറഞ്ഞു. എന്നാൽ വണ്ട് ഒരു അഹങ്കാരിയാണ് വണ്ടിന് അതിഷ്ടമായി കാരണം, പൂമ്പാറ്റയ്ക്ക് മുല്ലയിൽ നിന്ന് മാത്രം തേൻകുടിയ്ക്കാനാണ് ഇഷ്ടം . എന്നാൽ വണ്ടിനാണെങ്കിലോ? ഏതെങ്കിലും പൂവിൽ നിന്ന് തേൻ കുടിച്ചാൽ മതി. വണ്ട് ആശ്വാസത്തിൽ പറന്നു പോയി . പക്ഷെ പൂമ്പാറ്റയാണെങ്കിലോ അന്നു മുതൽ പട്ടിണിയും .

അങ്ങനെ മാസങ്ങൾ കഴിഞ്ഞു പോയി . മുല്ലയിൽ മാത്രം ആരും തേൻകുടിക്കാൻ എത്തിയില്ല .എന്നാൽ മറ്റു പൂക്കളിൽ പൂമ്പാറ്റകൾ എല്ലാം തേൻകുടിക്കാനെത്തി . മുല്ല മാത്രം ഒറ്റയായി ആ പൂന്തോട്ടത്തിൽ നിന്ന് ഒറ്റപ്പെടൽ മുല്ലയ്ക്ക് അനുഭവപ്പെട്ടു . ഒടുവിൽ മുല്ല തന്നെ ക്ഷമ ചോദിച്ചു പൂമ്പാറ്റയോട് . എന്നാൽ പൂമ്പാറ്റ ഒരു മടിയും ഇല്ലാതെ അന്നുമുതൽ മുല്ലയുടെ തേൻകുടിക്കാനെത്തി . എനിക്കു തെറ്റ് മനസിലായി . നിങ്ങളാണെന്റെ രക്ഷകൻ . മുല്ല പൂമ്പാറ്റകളോട് പറഞ്ഞു. അന്നുമുതൽ വണ്ടുകൾ മുല്ലയുടെ അരികിലേക്ക് വന്നാലും മുല്ലയുടെ രക്ഷകനായ പൂമ്പാറ്റകൾ വണ്ടിനെ പറഞ്ഞുവിടുമായിരുന്നു. അന്ന് മുതൽ പൂന്തോട്ടത്തിൽ മുല്ലയുടേയും പൂക്കളുടെയും അരികിലായിരുന്നു പൂമ്പാറ്റകൾ.

സ്നേഹ സന്തോഷ്
10 സി





# ഗവ . ഹയർ സെക്കന്ററി സ്കൂൾ അരുവിക്കര

# ലിറ്റിൽ കൈറ്റ്സ് - പ്രവർത്തന റിപ്പോർട്ട്

# 2019 - 2020

**2019 - 20 അധ്യായന വർഷത്തിൽ ആരംഭിച്ച വിദ്യാർത്ഥികളുടെ ഐ റ്റി ക്ലബ് , ലിറ്റിൽ കൈറ്റ്സ് വ്യത്യസ്തങ്ങളായ നിരവധി പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളാൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു . കുട്ടികളുടെ മികച്ച ഇടപെടലുകളാൽ സക്രിയമായി മുന്നേറിക്കൊണ്ടിരിക്കുന്ന ക്ലബ്ബിന്റെ ഒരു പ്രവർത്തന റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കുന്നു .**

## 1. സമ്പൂർണ്ണയ്ക്കൊരു കൈത്താങ്ങ് .

**2019 - 20 അധ്യായന വർഷത്തിൽ സ്കൂളിൽ പുതുതായി അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ വിവരങ്ങൾ സ്കൂൾ സമ്പൂർണയിൽ ചേർത്തുകൊണ്ടായിരുന്നു ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ തുടക്കം . അഞ്ചു മുതൽ പത്താംതരം വരെ ഓരോ ക്ലാസ്സിലും അഡ്മിഷൻ നേടിയ കുട്ടികളുടെ വിവരങ്ങൾ അതാതു ക്ലാസ് ടീച്ചേഴ്സിന്റെ സഹായത്തോടെയും മേൽനോട്ടത്തിലും ക്ളബ്ബ് അംഗങ്ങൾ സമ്പൂർണ്ണയിൽ ചേർത്തു .**

## 2. ഹൈടെക് ക്ളാസ് റൂം പരിപാലനം

**2019 - 20 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഹൈടെക് ക്ളാസ് റൂം എങ്ങനെ പരിപാലിക്കണം എന്നതിനെ കുറിച്ച് വിശദമായ ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രൊജക്റ്റർ , ലാപ്ടോപ് , അനുബന്ധ വസ്തുക്കൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ കുറിച്ചും അതിൽ പ്രായോഗിക പ്രാവീണ്യം കരസ്ഥമാക്കുന്നതിനാവശ്യമായ പരിശീലനവും നൽകി .**







## 3. സംസ്ഥാനതല ക്യാമ്പ്

ലിറ്റിൽ കൈറ്റ്സ് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ വിദ്യാഭ്യാസ ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ഇരുപതു കുട്ടികളിൽ ഒരാൾ ഈ സ്കൂളിൽ നിന്നുമായിരുന്നു . എറണാകുളത്തു വച്ച് നടന്ന രണ്ടു ദിവസത്തെ ക്യാമ്പിൽ ലിജോയ് വിക്ടർ സ്കൂളിനെയും വിദ്യാഭ്യാസ ജില്ലയേയും പ്രതിനിധീകരിച്ചു . തുടർന്ന് ക്യാമ്പ് അനുഭവങ്ങളും മറ്റ് അറിവുകളും ലിജോയ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുമായി പങ്കുവച്ചു.




## 4. അമ്മമാർക്കൊരു ക്ലാസ്

സ്കൂളിൽ നടന്ന പി റ്റി എ മീറ്റിങ്ങിനോട് അനുബന്ധിച്ച് ഒരു കമ്പ്യൂട്ടർ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു . സമഗ്രയുടെ ഉപയോഗം , മൊബൈലിൽ നിന്നും വിവരം ശേഖരിക്കൽ , വിക്ടർ ചാനലിന്റെ ഉപയോഗം എന്നിവയെക്കുറിച്ച് അമ്മമാർക്ക് വിശദമായ ക്ലാസ് നൽകി .











## 5.ഭിന്നശേഷി ബോധവൽക്കരണം

**സ്കൂളിലെ ഭിന്നശേഷി വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കേണ്ട വിധത്തെ കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി .**











## 6. കലാ – കായിക – ശാസ്ത്ര മേളകൾ

സ്കൂളിൽ നടന്ന കലാ – കായിക -ശാസ്ത്ര മേളകൾ പൂർണ്ണമായും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മേൽനോട്ടത്തിൽ ആയിരുന്നു . മത്സരങ്ങൾ ചാർട്ട് ചെയ്യൽ, ഫലം തയ്യാറാക്കൽ തുടങ്ങി എല്ലാ പ്രവർത്തനങ്ങളും ലിറ്റിൽ കൈറ്റ്സ് നടത്തി .











## 7. ഇലക്ഷൻ

ഈ വർഷത്തെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ആയിരുന്നു നടത്തിയത് . സമ്മതി എന്ന പ്രത്യേക അപ്ലിക്കേഷനിലൂടെ എല്ലാ ക്ളാസിലും കമ്പ്യൂട്ടർ നൽകി ഇലക്ട്രോണിക് വോട്ടിങ് രീതിയിലൂടെ ആയിരുന്നു ഇലക്ഷൻ നടത്തിയത് .








**8. കരകുളം ഗവണ്മെന്റ് ഹൈസ്കൂളിൽ വച്ച് നടന്ന സബ്ജില്ലാ സ്കൂൾ കലോത്സവത്തിന്റെ വീഡിയോകൾ ഷൂട്ട് ചെയ്യുകയും ഡോക്യുമെന്റ് ചെയ്യാൻ ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ചെയ്തു.**



**9. ഡിജിറ്റൽപൂക്കളമത്സരം**

**ഈ വർഷത്തെ ഓണാഘോഷത്തോടൊപ്പം നടന്ന ഡിജിറ്റൽ പൂക്കളമത്സരം വിദ്യാർഥികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി .**



**വിജയികൾക്ക് സ്കൂൾ അസ്സംബ്ലിയിൽ സമ്മാനങ്ങൾ നൽകി .**








## 10. റെഗുലർ ക്ലാസ്

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ബുധനാഴ്ച ദിവസങ്ങളിലെ ക്ലാസ്സുകൾ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നു .**











## 11. ഷോർട്ട് ഫിലിം

**ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ നിർമിച്ച കോമ്പസ് എന്ന ഷോർട്ട് ഫിലിമിന്റെ ഷൂട്ടിങ്ങ് , എഡിറ്റിങ്ങ് എന്നിവ ചെയ്യുന്നതിന് ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ നൽകിയ പിന്തുണ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി .**

## 12. ഡോക്യുമെന്ററി

**ലിറ്റിൽ കൈറ്റ്സ് അരുവിക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ" ഭൂതത്താൻ കടവിലെ വിസ്മയ കാഴ്ചകൾ" എന്ന ഡോക്യുമെന്ററി കാലികപ്രസക്തി ഉള്ളതായി .**









ശുഭം